## കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡ് എറണാകുളം

W6-11876/17 തീയതി: 21.08.2017

### സർക്കുലർ നമ്പർ:24/2017-18

വിഷയം: 1989 -ലെ കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ് അവാർഡ് ഓഫ് സ്കോളർഷിപ്പ് പ്ലാൻ ഭാഗികമായി ഭേദഗതി വരുത്തി നിർദ്ദേശം നൽകുന്നത് സംബന്ധിച്ച്.

സൂചന: 1) 16.07.2012 -ലെ 9/2012-13 നമ്പർ സർക്കുലർ.
2) 2017-18 വർഷത്തിലെ ബഡ്ജറ്റ് ശുപാർശ.
3) 04.08.2017 തീയതിയിലെ 474-മത് ബോർഡ് യോഗ തീരുമാനം.

2017-2018 ബഡ്ജറ്റിന്റെ ശുപാർശ പ്രകാരം 1989-ലെ കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ് അവാർഡ് ഓഫ് സ്കോളർഷിപ്പ് പ്ലാനിന്റെ ഖണ്ഡിക 6(c) ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിന് സൂചന (3) ബോർഡ് യോഗം തീരുമാനിക്കുകയുണ്ടായി.

പ്രസ്തുത ബോർഡ് യോഗത്തിന്റെ അടിസ്ഥാനത്തിൽ സൂചന (1) സർക്കുലറിന് ഭാഗികമായ മാറ്റം വരുത്തി കൊണ്ട് 1989-ലെ കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ് അവാർഡ് ഓഫ് സ്കോളർഷിപ്പ് പ്ലാനിന്റെ ഖണ്ഡിക 6(c) താഴെ പറയും വിധം ഭേദഗതി വരുത്തി കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

### ഭേദഗതി

### പ്ലാൻ ഖണ്ഡിക 6(c) : സ്കോളർഷിപ്പ് തുക

പ്ലാൻ ഖണ്ഡിക 6(c): പ്ലസ് 1, പ്ലസ് 2

1. പ്ലസ് 1 , പ്ലസ് 2 വിജയിച്ച കുട്ടികൾക്ക് (50% -ൽ താഴെ) - 350/- രൂപ
2. പ്ലസ് 1, പ്ലസ് 2 വിജയിച്ച കുട്ടികൾക്ക് (50% -ത്തിനും 59%-ത്തിനും ഇടയിൽ) - 425/- രൂപ
2. പ്ലസ് 1, പ്ലസ് 2 വിജയിച്ച കുട്ടികൾക്ക് (60% -ത്തിന് മുകളിൽ) - 550/- രൂപ

ഈ ഭേദഗതിയ്ക്ക് 01.04.2017 മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

വിദ്യാഭ്യാസ ധന സഹായം വിതരണം നടത്തുന്നത് സംബന്ധിച്ച് നിലവിൽ സ്വീകരിച്ചുവരുന്ന മറ്റ് വ്യവസ്ഥകളും, നടപടി ക്രമങ്ങളും മാറ്റമില്ലാതെ തുടരേണ്ടതും ആയത് പാലിക്കപ്പെടുന്നുണ്ടെന്ന് കമ്മിറ്റി / സബ് ഓഫീസുകളിലെ എല്ലാ ഉദ്യോഗസ്ഥരും ഉറപ്പ് വരുത്തേണ്ടതുമാണ്.

ഈ സർക്കുലർ ലഭിച്ചതിന് കമ്മിറ്റി / സബ് ഓഫീസ് ചെയർമാൻമാർ മറുകുറി അയയ്ക്കേണ്ടതാണ്.

(ഒപ്പ്)
ചീഫ് എക്സിക്യൂട്ടീവ്

സ്വീകർത്താവ്,
1.എല്ലാ ജില്ലാ കമ്മിറ്റി/സബ് ഓഫീസ് ചെയർമാൻമാർക്ക്,
2.കൊച്ചിൻ പോർട്ട് ട്രസ്റ്റ് ഏരിയ കമ്മിറ്റി ചെയർമാൻ.

//ഉത്തരവിൻ പ്രകാരം//

ജൂനിയർ സൂപ്രണ്ട്